# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുനെല്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡബ്ല്യു.വൈ.ഡി/പി-4/606/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 23/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുനെല്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/പി-4/606/22 തീയ്യതി: 23/07/2022

## വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 02-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഒ കെ അഗസ്റ്റ്യൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 15-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 15-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ
സമീർ എം, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
സൗമ്യ ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി മായാദേവി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ. പി.വി ബാലകൃഷ്ണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. അനിൽകുമാർ എൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ എൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ചന്ദ്രൻ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. പ്രിൻസി വി എസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 04-12-2020 |
| ഡോ. ലിസാജ് ടി.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 05-12-2020 | 31-03-2021 |
| ഡോ. ബീന ജോസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ആതിര | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-10-2020 |
| ഡോ. കല | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-11-2020 | 31-03-2021 |
| ഡോ. ജവഹർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 07-10-2020 |
| ഡോ. സീലിയ ലൂയിസ് | വെറ്ററിനറി സർജ്ജൻ | 08-10-2020 | 31-03-2021 |
| ശ്രീമതി. ത്രേസ്യ തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. കുഞ്ഞമ്മദ് കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഏലമ്മ ആന്റണി | ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ് പനവല്ലി | 01-04-2020 | 31-05-2020 |
| ശ്രീമതി.സീമ ടി.കെ | ഹെഡ്മാസ്റ്റർ(ഇൻ ചാർജ്ജ്),ജി.എൽ.പി.എസ് പനവല്ലി | 01-06-2020 | 18-06-2020 |
| ശ്രീമതി. ലിസ്സി ജോസഫ് ഏറത്ത് | ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ് പനവല്ലി | 19-06-2020 | 31-03-2021 |
| ശ്രീ. ബിനോയ് | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2020 | 31-08-2020 |

| | | | |
|---|---|---|---|
| അഗസ്റ്റിൻ | ഓഫീസർ | | |
| ശ്രീ. രജീഷ് വി.എസ് | വില്ലേജ് എസ്റ്റ്സ്റ്റൻഷൻ ഓഫീസർ | 01-09-2020 | 31-03-2021 |
| ശ്രീമതി. ആൻസ അഗസ്റ്റിൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഷിജു എ.എ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കുന്നതിൽ നടപടി ക്രമങ്ങൾ പാലിച്ചില്ല<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-1-1 |
| 3 | ബജറ്റ് പൂർണ്ണമല്ല<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-1-2 |
| 4 | ബജറ്റ് വാസ്തവികമല്ല<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 19-07-2022) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: M.Sameer (Asst. Audit Officer, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 19-07-2022) | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 19-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 19-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 19-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: M.Sameer (Asst. Audit Officer, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-10 |
| 14 | വാർഷിക കണക്കുകളിലെ അപാകങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-11 |
| 15 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ - അപാകങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 18-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-11-1 |
| 16 | ഭവന വായ്പ തിരിച്ചടവ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി പണം ഉപയോഗിച്ച് പലിശ തിരച്ചടച്ചു<br>Written By: M.Sameer (Asst. Audit Officer, On 18-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-12 |
| 17 | രസീത് ബുക്ക് ഉപയോഗം- കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് | 1-13 |

| | | |
|---|---|---|
| | ചട്ടങ്ങൾ) പാലിക്കുന്നില്ല.<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | |
| 18 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Soumya John (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-14 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല<br>Written By: Soumya John (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-14-1 |
| 20 | പഞ്ചായത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Soumya John (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-14-2 |
| 21 | റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.<br>Written By: Soumya John (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-14-3 |
| 22 | ലൈസൻസ് ഫീ പിരിവ്- അപാകതകൾ<br>Written By: Soumya John (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-15 |
| 23 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: Soumya John (Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-15-1 |
| 24 | റേഷൻകടകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-15-2 |
| 25 | വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: M.Sameer (Asst. Audit Officer, On 18-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-16 |
| 26 | ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചത് - അധിക തുക തിരികെ ഈടാക്കിയിട്ടില്ല.<br>Written By: M.Sameer (Asst. Audit Officer, On 18-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-17 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - തുക ചെലവഴിച്ചത് ചെലവ് പത്രികയിൽ ഉൾ പ്പെട്ടിട്ടില്ല<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-18 |
| 28 | വനിതാഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം- നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-19 |
| 29 | പച്ചക്കറി കൃഷി കുടുംബശ്രീ മുഖേന - പദ്ധതി -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -4 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-20 |
| 30 | ഫലവൃക്ഷ തൈ വിതരണം ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-21 |

| | | |
|---|---|---|
| 31 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠന ധനസഹായം അർഹമായനിരക്കിൽനൽകിയില്ല<br>Written By: Albert Jose (Senior Grade Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-22 |
| 32 | ഭിന്ന ശേഷിക്കാർക്ക് എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് - അപാകങ്ങൾ. 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-23 |
| 33 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്<br>Written By: Albert Jose (Senior Grade Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-24 |
| 34 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകം - ജി.എസ്.റ്റി TDS - 2% നിരക്കിൽ ഈടാക്കി ഒടുക്കിയില്ല<br>Written By: Albert Jose (Senior Grade Auditor, On 16-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 1-25 |
| 35 | എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല,36,97,286 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Shaju Thomas (Audit Officer, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-26 |
| 36 | ഒറ്റ പ്രവൃത്തിയായി ചെയ്യേണ്ട പ്രവൃത്തി 5പ്രവൃത്തികളായി നടപ്പിലാക്കി<br>Written By: Shaju Thomas (Audit Officer, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-27 |
| 37 | മരാമത്ത് പ്രവൃത്തി - ചരക്ക് സേവന നികുതി ബില്ലിൽ നിന്നും കുറവ് വരുത്തിയില്ല<br>Written By: Shaju Thomas (Audit Officer, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-3 |
| 4 | വായ്പാതിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-4-1 |
| 5 | വായ്പ, വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-4-2 |
| 6 | വായ്പ<br>Written By: Soumya John (Auditor, On 17-07-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Abhijith P (Computer Assistant, On 22-07-2022) | |
| 7 | സ്ഥിര നിക്ഷേപം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-5 |
| 8 | ഓഡിറ്റ് റിക്കവറി<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-6 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-7 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 22-07-2022) | 4-8 |
| 11 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 4-9 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Soumya John (Auditor, On 17-07-2022)<br>Last Updated By: Abhijith P (Computer Assistant, On 23-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റ് 18.03.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2020-21 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയത് പ്രകാരം |
| മുൻബാക്കി | 47,20,131 | 35,76,072 |
| വരവ് | 33,17,36,000 | 30,62,62,683 |
| ആകെ | 33,64,56,131 | 30,98,38,755 |
| ചെലവ് | 33,37,21,000 | 30,71,02,075 |
| നീക്കിബാക്കി | 27,35,131 | 27,36,680 |
| തീരുമാനം നമ്പർ/തീയതി | 1/18.03.2020 | 6(9)/21- 11.02.2021 |

### 1-1-1 ബജറ്റ് തയ്യാറാക്കുന്നതിൽ നടപടി ക്രമങ്ങൾ പാലിച്ചില്ല

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കുകയും , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ, അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

### 1-1-2 ബജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാനുവലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബജറ്റ് പ്രസംഗം.
2. ബജറ്റ് നോട്ട്സ്.
3. ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും.
4. പെർഫോമൻസ് ബജറ്റ്.
5. ജെന്റർ ബജറ്റ്.

മേൽ പറഞ്ഞ പ്രമാണങ്ങളിൽ പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നീ രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബജറ്റ് അപൂർണ്ണമാണ്.

### 1-1-3 ബജറ്റ് വാസ്തവികമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.എന്നാൽ തിരുനെല്ലി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പുതുക്കിയ ബഡ്ജറ്റ് യഥാർത്ഥ വാർഷിക കണക്കിൽ നിന്നും വളരെയധികം അന്തരമുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് 2020-21 | പുതുക്കിയ ബജറ്റ് | വാർഷിക കണക്ക് | പുതുക്കിയ ബഡ്ജറ്റും |
|---|---|---|---|---|

| | പ്രകാരം(₹) | പ്രകാരം(₹) | പ്രകാരം(₹) | വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|
| മുൻ ബാക്കി | 4720131 | 35,76,072 | 2,89,82,910 | -2,54,06,838 |
| ആകെ വരവ് | 33,17,36,000 | 30,62,62,683 | 20,40,96,803 | 10,21,65,880 |
| ആകെ | 33,64,56,131 | 30,98,38,755 | 23,30,79,713 | 7,67,59,042 |
| ആകെ ചെലവ് | 33,37,21,000 | 30,71,02,075 | 20,85,33,151 | 9,85,68,924 |
| നീക്കി ബാക്കി | 27,35,131 | 27,36,680 | 2,45,46,562 | -2,18,09,882 |

വാർഷിക കണക്ക് പ്രകാരം യഥാർത്ഥ മുൻ ബാക്കി 2,89,82,910 രൂപയായിരിക്കെ പുതുക്കിയ ബഡ്ജറ്റിൽ 35,76,072 രൂപ മാത്രമാണ് മുൻബാക്കിയായി കാണിച്ചിരിക്കുന്നത്.അതുപോലെ വാർഷിക കണക്ക് പ്രകാരം യഥാർത്ഥ നീക്കിബാക്കി 2,45,46,562 രൂപയും പുതുക്കിയ ബഡ്ജറ്റ് പ്രകാരം 27,36,680 രൂപയുമാണ്. മുൻബാക്കിയിൽത്തന്നെ വളരെ അന്തരം നിലനിൽക്കേ അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ആനുപാതികമായേ പദ്ധതികൾ തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. ഇപ്രകാരം വാസ്തവികമല്ലാത്ത ബജറ്റ് തയ്യാറാക്കുന്നത് മൂലം ബജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. ആയതിനാൽ, യഥാർത്ഥ്യ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 11.08.2021 | - | - |

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ,ചട്ടം 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം നാലുമാസത്തിനകം വാർഷികധനകാര്യപത്രിക ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഐ.എൽ.ജി.എം.എസ് വഴി അക്കൗണ്ട് സമർപ്പിച്ചതിനാലാണ് കാലതാമസം വന്നിരിക്കുന്നത്. തുടർവർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28982910 |
| വരവ് | 204096803 |
| ആകെ | 233079713 |
| ചെലവ് | 208533151 |
| നീക്കിയിരിപ്പ് | 24546562 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,35,28,920 | 3,35,28,920 | 3,35,28,920 * | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10,54,529 | 10,54,529 | 9,77,450 * | 77,079 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,29,36,655 | 3,29,36,655 | 2,89,88,735 * | 39,47,920 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2,29,93,000 | 2,29,93,000 | 2,29,93,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 77,69,613 | 77,69,613 | 77,69,613 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 4,46,10,297 | 4,46,10,297 | 3,06,92,242 | 1,39,18,055 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 86,70,711 | 1,35,23,302 | 2,21,94,013 | 1,42,18,986 | 79,75,027 |

* ആകെ ചെലവ്

| | ചെലവ് പത്രിക പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 3,55,53,705 | 3,35,28,920 | 20,24,785 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 10,79,921 | 9,77,450 | 1,02,471 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 3,07,00,617 | 2,89,88,735 | 17,11,882 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 335 | 257722498 | 271 | 165770066 | - | 64 | 64.32% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,14,197 | 52,89,458 | 59,03655 | 40,,11,057 | 18,92,598 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 5,61,02,253 | 5,61,02,253 | 5,61,02,253 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് സംസ്ഥാന വിഹിതം | | 3,71,000 | 3,71,000 | 3,71,000 | |
| സാധന ഘടകം | | 1,14,09,697 | 1,14,09,697 | 1,14,09,697 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 40,64,700 | 252 |
| വിധവാപെൻഷൻ | 31317200 | 1896 |
| വാർദ്ധക്യകാലപെൻഷൻ | 2,61,64,400 | 2,049 |
| വികലാംഗപെൻഷൻ | 54,22,200 | 377 |
| അവിവാഹിത പെൻഷൻ | 5,83,800 | 47 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.07.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,577 /-രൂപ ക്യാഷ് ബാലൻസിന്റെ/ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ യോഗം ഇടവേളകളിൽ വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തുന്നുണ്ട്.ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ

ഏൽപ്പിച്ച് ഒരോ സെക്ഷനും നിർവഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുകയും ആയത് കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അക്കൗണ്ടന്റിന്റെയും ക്യാഷ്യറുടെയും ജോലി വ്യത്യസ്ത ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്.സെക്രട്ടറി സാക്ഷ്യപ്പെടുത്തി പ്രിന്റെടുത്ത് സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. .പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിക്കുന്നുണ്ട്.

ആസ്തിരജിസ്റ്റർ തയ്യാറാക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. രശീതിബുക്കുകൾ സ്റ്റോക്കിലെടുക്കുന്നുണ്ടെങ്കിലും ആയത് വിതരണം ചെയ്ത തീയതി സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ടെണ്ടർഫോം സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥർ ചെലവഴിക്കുന്ന എല്ലാ തുകകളും ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. എ.സി.ആറിലെ ചെലവ് തുകയും ചെലവ് പത്രികയിലെ ചെലവ് തുകയും വ്യത്യസ്തമായി നിൽക്കുന്നു.

ഐ.കെ.എം വികസിപ്പിച്ച സുലേഖ, സഞ്ചയ, സങ്കേതം, സൂചിക, സകർമ്മ, സ്ഥാപന, സേവന, സാംഖ്യ, സചിത്ര എന്നിങ്ങനെ വിവിധ സോഫ്റ്റ് വെയറുകൾ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ഓരോ ആവശ്യത്തെയും മുൻനിർത്തി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഐ.കെ.എം വികസിപ്പിച്ച ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലേക്ക് പഞ്ചായത്ത് 23.09.2020മുതൽ മാറിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഉപയോഗിക്കുന്ന മുഴുവൻ സോഫ്റ്റ് വെയറുകളും പൂർണ്ണതോതിൽ ഐ.എൽ.ജി.എം.എസ് -ലേക്ക് ഇന്റഗ്രേറ്റ് ചെയ്യപ്പെടാത്തതിനാൽ ആയതിന്റെ ഗുണം പൂർണ്ണതോതിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.05.2022 മുതൽ 17.05.2022 | 2021-2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/06/2014-08 /07/2014 | 2009-10 മുതൽ 2013-14 | 27/08/2014 | 21.05.19ലെ LBA(HQ)111/ 1118A-2183 പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. |

## 1-11 വാർഷിക കണക്കുകളിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3. ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

2019-20 വർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 14,80,265

2020 -21 വർഷം വരവ് (ആർ.പി 30 പ്രകാരം)

320100125 - 5,81,050

320100196 – 23,72,211

ആകെ - 44,33,526

ചെലവ് (ആർ.പി 30 പ്രകാരം) - 4,83,488

നീക്കിയിരുപ്പ് വേണ്ടത് - 39,50,038

ബി.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 2,43,885

4. കടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സുക്ഷിച്ചിട്ടില്ല

5. വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 1,31,47,650 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

6.
(A)തൊഴിൽ നികുതി വരവ് വാർഷിക കണക്കിലെ തുകയും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഡിമാന്റ് | | വരവ് | |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുപ്രകാരം | രജിസ്റ്റർ പ്രകാരം |
| 1681290 | 1649890 | 1501320 | 1649890 |

(B) വ്യവസായങ്ങൾക്കും വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് പ്രകാരമുള്ള തുക | രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|
| 3,44,650 | 3,36,800 |

(C) കെട്ടിട വാടക – വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഡിമാന്റ് | | വരവ് | |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുപ്രകാരം | രജിസ്റ്റർ പ്രകാരം |
| 540565 | 534265 | 503810 | 532255 |

(D) കെട്ടിട നിർമ്മാണം(ക്രമവത്കരണം) രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

7. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B5 Secured Loans – ബാധ്യത തിട്ടപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ കൃത്യത ഉറപ്പ് വരുത്തി സൂക്ഷിച്ചിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല.

9. വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

11. വാർഷിക കണക്ക് രസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ തൻവർഷം Secured Loan അക്കൗണ്ടിലെ വരവ് തുകയും മുൻവർഷത്തെ ബാലൻസ് എന്നിവ കൂട്ടിയാൽ തൻവർത്തെ ബാധ്യത തുകയുമായി പൊരുത്തപ്പെടുന്നില്ല

12. സെക്വേർഡ് ലോൺ . സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

13. ഡെപ്പോസിറ്റ് രജിസ്റ്റർ തൻവർഷം കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

15. ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

16. ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത ഫണ്ടുകളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

17. PDE (Past Data Entry) വിവരങ്ങൾ അടങ്ങിയ ഫയലുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18. ഭൂരിപക്ഷം ബാങ്ക് അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ നടത്തിയത് പ്രകാരമുള്ള ബാലൻസ്, ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ്, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14 തീയതി 14/07/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-1 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ - അപാകങ്ങൾ

1. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 24.08.20 ന് തുടങ്ങിയെങ്കിലും 28.09.20 നാണ് ഐ.എൽ.ജി.എം.എസ്.ഫിനാൻസ് മോഡ്യൂൾ തുടങ്ങിയത്. 28..09.20വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. ഐ.കെ.എം.ടെക്നിക്കൽ എക്സ്പെർട്ട് ഇത്തരം നടപടികൾ ചെയ്യുന്നതിനാൽ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യം അറിയുന്നില്ല.ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്ററ് മെന്റുകൾ ചെയ്യാൻ കഴിയുന്നത്.

3. ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൗണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവു വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസം വരുന്നു.

4. ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ നാളിതുവരെയും പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ വരവ് വന്നിട്ടില്ല. നിലവിൽ 20,000 രൂപയിലധികം വരുന്ന തുക ഈ ഇനത്തിൽ ലഭ്യമാകാനുണ്ട്

5. മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

6. ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

7. Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല.

8. ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,

മെസ്സേജ് ബുക്ക്

സ്റ്റാറ്റസ് റിപ്പോർട്ട്

9. Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10. Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11. ഡേ ബുക്ക് റിപ്പോർട്സ്

മേൽ റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

12.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

13.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ റിക്കൺസിൽ ചെയ്യേണ്ടതും, ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

14.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

15.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

16.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും , ലൈസൻസ് നേടിവരുടെയും , മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും , മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

17.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

18.വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ)

സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

19.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഡിമാന്റ് നമ്പർ ചേർക്കാതെ തന്നെ ഫീസ് ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഈ സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നു.

20. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.സ്റ്റോക്ക് രജിസ്റ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

22.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

## 1-12 ഭവന വായ്പ തിരിച്ചടവ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി പണം ഉപയോഗിച്ച് പലിശ തിരച്ചടച്ചു

തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി ഭവന പദ്ധതി നടപ്പാക്കുന്നതിന് അനുമതിക്കായി 15.12.2015 ന് ഗ്രാമ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 09.02.2016 തീയതിയിലെ നമ്പർ 04/ഡിബി1/16/തസ്വഭവ നമ്പർ കത്ത് പ്രകാരം തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 3,10,00,000/- രൂപ 11% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കുമായി വായ്പ വിതരണത്തിനായി 11/02/2016 തീയതിൽ കരാറിൽ ഏർപ്പെടുകയും കരാർ ഉടമ്പടി വ്യവസ്ഥ 6 പ്രകാരം ഗ്രാമ പഞ്ചായത്ത് 11% നിരക്ക് പലിശ സഹിതം വായ്പ 10 വർഷത്തിനകം തിരച്ചടക്കേണ്ടതാണ്. അതേ വ്യവസ്ഥയിൽ 12.5% നിരക്കിൽ പലിശ സഹിതം മുതൽ ഗ്രാമ പഞ്ചായത്ത് തിരിച്ചടക്കുന്നതാണെന്നും ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യവസ്ഥ 15 പ്രകാരം ബാങ്കിന് പലിശ നിരക്കിൽ മാറ്റം വരുത്തുന്നതിനുള്ള അനുമതി നൽകുന്നുണ്ട്. വ്യവസ്ഥ 7 അനുസരിച്ച് ത്രൈമാസിക അടിസ്ഥാനത്തിൽ പലിശ കണക്കാക്കി ആയത് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ടതാണ്. ഭവന വായ്പ തുക മുതൽ പദ്ധതി പണത്തിൽ നിന്നും പലിശ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടക്കേണ്ടത്.(സ.ഉ(എം.എസ്) നം.83/13/തസ്വഭവ തീയതി 11.03.2013)

2020-21 സാമ്പത്തിക വർഷത്തിൽ വായ്പ തുക തിരിച്ചടക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം. - 6/2021

പ്രോജക്ടിന്റെ പേര് - ബാങ്ക് വായ്പ തിരിച്ചടവ്

അടങ്കൽ - വികസന ഫണ്ട് (ജനറൽ) - 30,47,094

തുക തിരിച്ചടച്ചത് - ബിൽ നം.16/2020 തീയതി 03/09/2020 തുക. 30,47,094/-

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ആകെ 2,82,00,000 രൂപ വായ്പ ഇനത്തിൽ ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലോൺ തിരിച്ചടവിലേക്കായി പദ്ധതി പണം മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ത്രൈമാസ അടിസ്ഥാനത്തിൽ പലിശ കണക്കുകൾ ബാങ്കിൽ നിന്ന് വാങ്ങുകയോ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പലിശ തുക യഥാസമയം തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31/03/2021 വരെ പലിശ ഇനത്തിൽ 1,17,08,325 രൂപ തിരിച്ചടച്ചിട്ടുണ്ട്. 31/03/2022 വരെ 1,42,82,823 രൂപയും ആകെ പലിശ ഇനത്തിൽ മാത്രം തിരിച്ചടച്ചിട്ടുണ്ട്. മേൽ തുക പൂർണ്ണമായി പദ്ധതി പണം ഉപയോഗിച്ചാണ് തിരിച്ചടച്ചിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. 31/03/2022 ന് വായ്പ മുതൽ 1,62,99,577 രൂപ ഇനിയും തിരച്ചടക്കാൻ ബാക്കി നിൽക്കുന്നു. 2016 ഫെബ്രുവരി 18 ന് ആണ് ആദ്യ ഗഡു വായ്പ തുക ലഭിച്ചതെന്നതിനാൽ 2026 ഫെബ്രുവരി മാസത്തിനകം മുഴുവൻ വായ്പ തുകയും തിരിച്ചടേക്കേണ്ടതാണ്. എന്നാൽ വായ്പ തുകയുടെ 58% തുകയും ( 31/03/2022 ന് ബാക്കി തുക 1,62,99,577 രൂപ) തിരിച്ചടക്കാൻ ബാക്കിയാണ്. നാല് സാമ്പത്തിക വർഷം മാത്രമാണ് വായ്പ തിരിച്ചടവിന് ബാക്കി ലഭിക്കുന്നത്. 10 വർഷത്തിനകം തിരിച്ചടക്കേണ്ട വായ്പയുടെ 60% തിരച്ചടക്കേണ്ട സമയത്ത് 42% തുക മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്. കൂടാതെ തനത് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ട പലിശ തുകയായ 1,42,82,823 മുതൽ തിരിച്ചടവിലേക്ക് കണക്കാക്കിയിരുന്നുവെങ്കിൽ മുതൽ തിരിച്ചടവിനുള്ള ബാക്കി 20,16,574 മാത്രമാണ് ഉണ്ടാവുമായിരുന്നത്.

കൂടാതെ സർക്കാർ അനുമതി നൽകിയ 11% പലിശ നിരക്കിന് പകരം 12.5% പലിശ നൽകുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തതിനാൽ 1.5% പലിശ നൽകുന്നതിന് ഇടയാക്കിയിട്ടുണ്ട്. മാത്രമല്ല സർക്കാർ അനുമതിക്ക് വിരുദ്ധമായി ബാങ്കിന് പലിശ നിരക്കിൽ മാറ്റം വരുത്തുന്നതിന് ബാങ്കിന് അനുമതി നൽകുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് മൂലം അധിക ബാധ്യത വന്ന തുക എത്രയാണെന്ന് കണക്കാക്കേണ്ടതും കരാറുടമ്പടിയിൽ ഒപ്പ് വെച്ച

സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 12 തീയതി 14/07/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തൻവർഷം തിരിച്ചടച്ച 30,47,094/- രൂപയുടെ ചെലവ് താത്കാലികമായി തടസ്സപ്പെടുത്തുന്നു. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 രസീത് ബുക്ക് ഉപയോഗം- കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ചട്ടങ്ങൾ) പാലിക്കുന്നില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പോർട്ടബിൾ എന്ന പദ്ധതിക്കുവേണ്ടി 43489, 43490, 43491, 43492, 43493, 43494 എന്നീ രസീത് ബുക്കുകൾ ഉപയോഗിച്ച് 160.50 രൂപ നിരക്കിൽ 554 വ്യക്തികളിൽ നിന്നും ആകെ 88,917/- രൂപ ഗുണഭോക്തൃവിഹിതം പിരിക്കുകയും 31.03.2022 ൽ 1210103858 നം. രസീത് പ്രകാരം തുക പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

രസീത് ബുക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബുക്കിൽ സർട്ടിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല
2. രസീതിൽ പണം പിരിവ് സംബന്ധിച്ച വിഷയം രേഖപ്പെടുത്തിയിട്ടില്ല.
3. തുക പിരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല
4. രസീതുകളിൽ ക്ലാർക്ക്, നിർവ്വഹണോദ്യോഗസ്ഥൻ ഒപ്പ് വച്ചിട്ടില്ല
5. ഒറിജിനൽ രസീതിനു പകരം പകർപ്പ് സൂക്ഷിച്ചിരിക്കുന്നു.(43490/ 3 നം. രസീത്)
6. കാർബൺ ഉപയോഗിച്ച് രേഖപ്പെടുത്തിയ രസീതിൽ പേര് തിരുത്തി എഴുതിയിട്ടുണ്ട്.( ഉദാ-43492/57, 43490/28)
7. തിരുത്തൽ വരുത്തിയ രസീതുകൾ റദ്ദ് ചെയ്തിട്ടില്ല, പേര് വിവരം വെട്ടി എഴുതി( ഉദാ- 43492/57)
8. രസീത് വിവരങ്ങൾ രേഖപ്പെടുത്തുന്ന ഭാഗത്ത് ഗുണഭോക്താവിന്റെ പേര് എഴുതുകയും ശേഷം അത് വെട്ടി എഴുതുകയും ചെയ്തു( ഉദാ-43490/69)
9. 43492/ 79, 43494/43 എന്നീ രസീതുകൾ പരിശോധനക്ക് ഹാജരാക്കിയില്ല
10. ഔട്ട് ഡോർകളക്ഷൻ രജിസ്റ്റർ പേജ് നം. 15 പ്രകാരം തീയതി രേഖപ്പെടുത്താതെയാണ് പിരിവ് വിവരം രേഖപ്പെടുത്തിയിരിക്കുന്നത്

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 13.07.2022 -ാം തീയതിയിൽ നൽകിയ 10/2020-21 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പദ്ധതിയുടെ ടെണ്ടർ നടപടികൾ മാർച്ച് മാസത്തിലാണ് പൂർത്തീകരിക്കാൻ കഴിഞ്ഞതെന്നും സപ്ലൈ ഓർഡർ നൽകിയെങ്കിലും വിതരണം സംബന്ധിച്ച് അനിശ്ചിതത്വം നിലനിന്നിരുന്നതിനാൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിരുന്നില്ലായെന്നും മാർച്ച് മാസം 26 -ാം തിയതിയാണ് ബയോബിൻ, കമ്പനിയിൽ നിന്നും വിതരണത്തിനായി എത്തിച്ചതെന്നുമാണ് അറിയിച്ചത്. മാർച്ച് മാസത്തിലെ നിർവ്വഹണത്തിരക്ക് മൂലം വാർഡ് മെമ്പർമാരുടെയും എ.ഡി.എസ് മാരുടെയും സഹായം തേടിയാണ് 31.03.2021 ന് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് പഞ്ചായത്തിൽ ഒടുക്കിയതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 11(4) പ്രകാരം ,രസീതുകളിലെ തുകകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വരുത്താൻ പാടില്ല. തെറ്റുകൾ സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.ചട്ടം 20(2)(സി) പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും, ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. ചട്ടം 83 പ്രകാരം രസീത് ബുക്ക് ലഭിച്ചാലുടനെ ഓരോ രസീത് ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യ പത്രം രേഖപ്പെടുത്തി ഒപ്പ് വക്കേണ്ടതാണ്. രസീതി ഉപയോഗിച്ചുള്ള പിരിവുകൾ നടത്തുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ചട്ടങ്ങൾ) കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ 43492/ 79, 43494/43 എന്നീ രസീതുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി പിരിവ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെയുള്ള ഖണ്ഡികകളിൽ ചേർക്കുന്നു.

## 1-14-1 ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ , അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ, തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. 2020-21 വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഗവ. ഹോമിയോ ഡിസ്പെൻസറി, കാട്ടിക്കുളം | രണ്ടാം അർദ്ധവർഷം |
| 2 | കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക്, കാട്ടിക്കുളം | രണ്ടാം അർദ്ധവർഷം |
| 3 | എക്സൈസ് ചെക്ക് പോസ്റ്റ്, തോൽപ്പെട്ടി | രണ്ടാം അർദ്ധവർഷം |
| 4 | വയനാട് ഗേറ്റ് റിസോർട്ട്, കാട്ടിക്കുളം | രണ്ടാം അർദ്ധവർഷം |
| 5 | കുമ്പാരക്കുനി സാക്ഷരതാ കേന്ദ്രം, തിരുനെല്ലി | രണ്ടാം അർദ്ധവർഷം |
| 6 | വികസന വിദ്യാകേന്ദ്രം, ചെമ്പകമൂല | രണ്ടാം അർദ്ധവർഷം |
| 7 | ബഡ്സ് പാരഡൈസ് സ്പെഷ്യൽ സ്കൂൾ, തൃശ്ശിലേരി | രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കിയിട്ടില്ലായെങ്കിൽ ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-2 പഞ്ചായത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തിരുനെല്ലി പഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഈടാക്കേണ്ട തുക(i & Ii അർദ്ധവർഷം) |
|---|---|---|
| 1 | മണി കെ.എസ് | 2500 |
| 2 | മുജീബ് എച്ച് | 2500 |
| 3 | സെബാസ്റ്റ്യൻ ടി.വി | 2500 |

| | | |
|---|---|---|
| 4 | മോഹനൻ കെ.എം | 2500 |
| 5 | ജിതിൻ മാത്യു | 2500 |
| 6 | തോമസ് എം.ജെ | 2500 |
| 7 | എൻ. വി ബാബു | 2500 |
| 8 | ബിനു കെ. മാത്യു | 2500 |
| 9 | സജാർ എ | 2500 |
| 10 | ഷാജി ജോർജ്ജ് | 2500 |
| 11 | അഭിലാഷ് കെ.കെ | 2500 |
| 12 | ജെയ്സൺ ജോയ് | 2500 |
| 13 | കെ. മുഹമ്മദ് | 2500 |
| 14 | വി.വൈ. ജോസഫ് | 2500 |
| 15 | അഷ്കർ അലി | 2500 |
| 16 | കെ.വി തോമസ് | 2500 |
| 17 | എ അഹമ്മദ് ഹാജി | 2500 |
| 18 | മുഹമ്മദ് യാസിർ ഇ.കെ | 2500 |
| 19 | സന്തോഷ് മാത്യു | 2500 |
| 20 | കെ.കെ വിജയൻ | 2500 |
| 21 | സ്റ്റീഫൻ പി.എം | 2500 |
| 22 | ഇ.വി അവറാച്ചൻ | 2500 |
| 23 | എ.യു ജോഷി | 2500 |
| 24 | സുരേഷ് എൻ | 2500 |
| 25 | തവിഞ്ഞാൽ ഇഷ്ടിക മണൽ തൊഴിലാളി സഹകരണ സംഘം | 2500 |

മേൽ കരാറുകാർ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും , ഇല്ലായെങ്കിൽ തൊഴിൽ നികുതി ഈടാക്കി രശീതി സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14-3 റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ആകെ പതിനൊന്ന് റേഷൻകടകൾ ഉണ്ടെങ്കിലും ആയതിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീ പിരിവ്- അപാകതകൾ

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ ഓഡിറ്റിന്റെ ഭാഗമായി ലൈസൻസ് ഫീ പിരിവ് പരിശോധിച്ചതിൽഅപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് അവ ചുവടെയുള്ള ഖണ്ഡികകളിൽ ചേർക്കുന്നു.

## 1-15-1 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2020-21 വർഷത്തിൽ തിരുനെല്ലി ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി

അംഗീകരിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിനായി ഹാജരാക്കിയ വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 349 സ്ഥാപനങ്ങളാണ് വിവിധ വാർഡുകളിലായി പഞ്ചായത്തിലുള്ളത്. എന്നാൽ 2020-21 ലെ ഡിമാന്റ് രജിസ്റ്റർ പേജ് നം 42 പ്രകാരം 371 ട്രേഡേഴ്സിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതെ ലൈസൻസ് എടുത്ത ട്രേഡേഴ്സിന്റെ ലിസ്റ്റാണ് സൂക്ഷിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് 11.07.2022 തീയ്യതിയിൽ നൽകിയ 7 /2020-21 - ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം നൽകിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള കച്ചവടസ്ഥാപനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ മാത്രമേ ലൈസൻസ് എടുക്കുന്നതിൽ നിന്നും ഏതെങ്കിലും സ്ഥാപനം വിട്ടുപോയിട്ടുണ്ടോയെന്ന് പഞ്ചായത്തിന് ഉറപ്പ് വരുത്തുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും,അത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-15-2 റേഷൻകടകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ താഴെപ്പറയുന്ന റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്

| ക്രമ നം. | റേഷൻകടയുടെ നമ്പർ | ഉടമയുടെ പേര് | വാർഡ് നമ്പർ |
|---|---|---|---|
| 1 | എ.ആർ.ഡി 21, അപ്പപ്പാറ | കെ.ജി. രാമകൃഷ്ണൻ | 2 |
| 2 | എ.ആർ.ഡി 71, അരണപ്പാറ | അഷ്റഫ് | 4 |
| 3 | എ.ആർ.ഡി 19, തോൽപ്പെട്ടി | ജോസഫ് തോമസ് | 5 |
| 4 | എ.ആർ.ഡി 64, തിരുനെല്ലി | എ.സി വിജയലക്ഷ്മി | 6 |
| 5 | എ.ആർ.ഡി 61, പനവല്ലി | ശ്രീകുമാർ | 7 |
| 6 | എ.ആർ.ഡി 17,കാട്ടിക്കുളം | ഡാനിയൽ ജോർജ്ജ് | 9 |
| 7 | എ.ആർ.ഡി 53, പാൽവെളിച്ചം | ടി.എം. സുരേഷ് | 10 |
| 8 | എ.ആർ.ഡി 18, കാട്ടിക്കുളം | ബൽരാജ് മോഹൻ | 12 |
| 9 | എ.ആർ.ഡി 82,കാട്ടിക്കുളം | മിനി ജോർജ്ജ് | 12 |
| 10 | എ.ആർ.ഡി 51, തൃശ്ശിലേരി | എ.സി. നന്ദകുമാർ | 15 |
| 11 | എ.ആർ.ഡി 89, മുത്തുമാരി | കരോലിൻ | 17 |

എന്നാൽ 2020-21 കാലയളവിൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതാണ് . ആയതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ,നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

തിരുനെല്ലി ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം - 11/21

പ്രോജക്റ്റിന്റെ പേര് - കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 17,00,000

തുക ചെലവഴിച്ചത് - ബിൽ നം. 29/2020-21 തീയതി 09/12/2020 തുക 17,00,000

മേൽ തുക കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ , പദ്ധതി നടപ്പാക്കുന്നതിന് 17,00,000 രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചതായി കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തതായി കാണുന്നില്ല. ആയതിനാൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നത് ഏതൊക്കെ പ്രദേശങ്ങളിൽ എത്ര ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചുണ്ടെന്നത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. കേരള ജല അതോറിറ്റി 17.02.2022 തീയതിയിൽ നൽകിയ ധന വിനിയോഗ സാക്ഷ്യപത്രം പ്രകാരം 10.08.2021 ന് പദ്ധതി പൂർത്തീകരിച്ചതായും പദ്ധിക്കായി ആകെ ചെലവ് 11,97,715 രൂപയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5,02,285 രൂപ കേരള ജല അതോറിറ്റിയുടെ കൈവശം നീക്കിയിരുപ്പ് ഉണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച് വിശദമായ എസ്റ്റിമേറ്റ്, ഓരോ സ്ഥലത്തും നടപ്പാക്കിയ പ്രവർത്തികളുടെ വിവരം, സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം ഉടങ്ങിയ വിവരങ്ങൾ പരിശോധിക്കേണ്ടതും ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. കൂടാതെ അധികം നൽകിയ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചത് - അധിക തുക തിരികെ ഈടാക്കിയിട്ടില്ല.

തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ നാല് സ്ഥലങ്ങിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി താഴെപ്പറയും പ്രകാരം പ്രോജക്റ്റ് തയ്യാറാക്കി തുക ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ഫണ്ടിനം | ഭൂജല വകുപ്പിൽ ഒടുക്കിയ തുക | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|
| 1 | 10/21 | അരണപ്പാറ എട്ട് ഏക്കർ കുഴൽ കിണർ | 1,15,000 | ധനകാര്യ കമ്മീഷൻ അവാർഡ് | 78,850 | 41/202-21 തീ.25.02.21 |
| 2 | 17/21 | ആത്താറ്റകുന്ന് പ്രദേശത്ത് കുഴൽ കിണർ | 1,25,000 | ധനകാര്യ കമ്മീഷൻ അവാർഡ് | 93,850 | 39/202-21 തീ.25.02.21 |
| 3 | 77/21 | കണ്ടിലങ്ങാടി പ്രദേശത്ത് കുഴൽ കിണർ | 1,25,000 | ധനകാര്യ കമ്മീഷൻ അവാർഡ് | 78,850 | 40/202-21 തീ.25.02.21 |
| 4 | 171/21 | ചേകാടി സ്കൂൾ കുഴൽ കിണറും മോട്ടോർ പമ്പ് സെറ്റും | 2,00,000 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 64,550 | 38/202-21 തീ.25.02.21 |
| | | ആകെ | | | 3,16,100 | |

മേൽ പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി തുക ഭൂജല വകുപ്പ് തയ്യാറിക്കിയ നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂർ ആയി അടക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 10/02/2022 തീയതിയിലെ ജി.ഡബ്ല്യു/ഡി.ഡബ്ല്യു/റ്റി/1038/20 നമ്പർ കത്ത് പ്രകാരം പദ്ധതികൾ പൂർത്തീകരിച്ചതായും പ്രവൃത്തികൾക്ക് ചിലവായ തുക കിഴിച്ച് ബാക്കി 1,83,335/- ഗ്രാമ പഞ്ചായത്തിന് തിരിച്ച് നൽകുന്നതിനായി ബാക്കിയുണ്ടെന്നും ആയതിന് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ട് നമ്പറും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുക തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് നമ്പർ 171/21 പ്രകാരം ചേകാടി സ്കൂൾ

കുഴൽ കിണറിന് മോട്ടോർ പമ്പ് സ്ഥാപിക്കേണ്ടതായുണ്ട്. എന്നാൽ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടില്ല. സ്കൂളിൽ നിർമ്മിച്ച കിണർ നാളിതുവരെ ഉപയോഗപ്രദമായിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി അറിയിക്കേണ്ടതാണ്. ചേകാടി സ്കൂളിൽ നിർമ്മിച്ച കുഴൽ കിണറിന് ആവശ്യമായ മോട്ടോർ പമ്പ് എന്നിവ സ്ഥാപിച്ച് ഉപയോഗപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - തുക ചെലവഴിച്ചത് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | |
| പ്രോജക്ട് നം. | 263/2019-20 | |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| അടങ്കൽ | 50,00,000 | 25,00,000(ജനറൽ) |
| | | 12,50,000(ബ്ലോക്ക് പഞ്ചായത്ത്) |
| | | 12,50,000(ജില്ലാ പഞ്ചായത്ത്) |

മേൽപറഞ്ഞ പ്രകാരം തയ്യാറാക്കിയ 2019-20 വർഷത്തിലെ പദ്ധതിക്ക്, 2020-21 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം. | തീയതി | തുക | ഫണ്ട് |
|---|---|---|---|
| S001/2020-21 | 17.04.2020 | 2,47,341 | വികസനഫണ്ട് പൊതുവിഭാഗം |
| S002/2020-21 | 17.04.2020 | 1,17,866 | |
| S003/2020-21 | 17.04.2020 | 2,73,838 | |
| S004/2020-21 | 17.04.2020 | 1,98,653 | |
| S011/2020-21 | 18.05.2020 | 1,31,395 | |
| S012/2020-21 | 18.06.2020 | 2,12,488 | മറ്റുള്ളവ |
| ആകെ | | 11,81,581 | |

എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ചെലവ് പത്രികയിൽ മേൽ പ്രോജക്ട്, സ്പിൽ ഓവർ പ്രോജക്ടായി തയ്യാറാക്കുകയോ ചെലവ് ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2020-21 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ പ്രോജക്ടിന് ചെലവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് 07.07.2022 ന് നൽകിയ 3/2020-21 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

## 1-19 വനിതാഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം- നടപടിക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വനിതാഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം |

| | | |
|---|---|---|
| പ്രോജക്ട് നം. | 274/2020-21 | |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| അടങ്കൽ | 10,00,000 | 5,00,000(ജനറൽ) |
| | | 5,00,000(മറ്റുള്ളവ) |
| ചെലവ് | 5,00,000(ജനറൽ) | |

മേൽ പ്രോജക്ട് പ്രകാരം കറവപ്പശുവിനെ വാങ്ങിയതിന് അഞ്ച് പേർ ഉൾക്കൊള്ളുന്ന നാല് വനിതാ ഗ്രൂപ്പുകൾക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ബിൽ നം. | തീയതി | തുക | തുക വിതരണം ചെയ്തിരിക്കുന്ന ഗ്രൂപ്പിന്റെ പേര് | ഓരോ ഗ്രൂപ്പിനും നൽകിയ തുക |
|---|---|---|---|---|
| 8/2020-21 | 17.04.2020 | 2,50,000 | ലാവണ്യ ജെ.എൽ.ജി | 1,25,000/- |
| | | | രോഹിണി ജെ.എൽ.ജി | 1,25,000/- |
| 9/2020-21 | 17.04.2020 | 2,50,000 | ശ്രീലക്ഷ്മി ജെ.എൽ.ജി | 1,25,000/- |
| | | | അർച്ചന ജെ.എൽ.ജി | 1,25,000/- |
| ആകെ | | | | 5,00,000/- |

തുക അതാത് ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് വിതരണം ചെയ്തിരിക്കുന്നത്. വനിതാ ഗ്രൂപ്പുകളുടെ പേരിൽതന്നെയാണ് കരാർ ചമച്ചിരിക്കുന്നതും. എന്നാൽ കറവപ്പശുക്കളെ ഓരോ വ്യക്തികളുടെ പേരിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. അപാകതക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 07.07.2022 തീയ്യതിയിലെ 2/2020-21 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി പ്രകാരം ഓരോ വനിതാ ഗ്രൂപ്പുകളും അഞ്ച് പശുക്കളെ വീതം വാങ്ങുകയും മൂന്ന് വർഷത്തേക്ക് വളർത്താമെന്ന് കരാർ വക്കുകയും ചെയ്തിട്ടുണ്ടെന്നും ഒരു പശുവിനെ മൂന്ന് വർഷത്തേക്ക് ഇൻഷ്വർ ചെയ്യുന്നതിന് അയ്യായിരത്തിലധികം രൂപ ആകുമായിരുന്നെന്നും , അതേസമയം മൃഗസംരക്ഷണ വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിൽ വ്യക്തികളുടെ പേരിൽ ഇൻഷ്വർ ചെയ്യുന്നതിന് 1700 /- രൂപയേ ആകുമായിരുന്നുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. പക്ഷേ മേൽ സ്കീമിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുമായിരുന്നുവെന്നുള്ളതിനാലാണ് ഗ്രൂപ്പായി ഇൻഷ്വർ ചെയ്യാതിരുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ ഗ്രൂപ്പുകൾക്ക് ബാധകമാകുന്ന നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പച്ചക്കറി കൃഷി കുടുംബശ്രീ മുഖേന - പദ്ധതി -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -4 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

കുടുംബശ്രീ മുഖേന പച്ചക്കറി കൃഷി എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും താഴെ പറയുന്ന 2 പ്രോജക്ടുകൾ പ്രകാരം ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും പച്ചക്കറി വിത്ത് വാങ്ങിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| പ്രോജക്ട് നം/ പേര് | 94/21 പച്ചക്കറി കൃഷി കുടുംബശ്രീ മുഖേന | 351/21 പച്ചക്കറി കൃഷി കുടുംബശ്രീ മുഖേന |
| അടങ്കൽ | ₹2,00,000.00 (വികസനം ജനറൽ) | ₹2,00,000.00 (വികസന ഫണ്ട് ടി. എസ്. പി) |
| ചെലവ് | ₹20,0000.00 (വികസനം ജനറൽ) BRN 2018045201640103 5828 04-02-21 | ₹20,0000.00 (വികസന ഫണ്ട് ടി. എസ്. പി) BRN 20180452016401035831 04-02-21 |
| ഇൻവോയ്സ് നം / തീയതി | 2986 // 25-01-2021 | 2987 // 25-01-2021 |

പദ്ധതി നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽ പറയുന്ന 2 പ്രോജക്ടുകൾ പ്രകാരം ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിച്ച പച്ചക്കറി വിത്ത് (തക്കാളി, പച്ചമുളക്, വഴുതിന, കാബേജ്, വെണ്ട ,ബീൻസ്) 17 വാർഡുകളിലെയും കുടുംബശ്രീ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ ആണ് വിതരണം ചെയ്യുന്നതിനായി കൈപ്പറ്റിയിട്ടുള്ളത്. 17 വാർഡുകളിലെ കുടുംബശ്രീ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ പച്ചക്കറി വിത്തുകൾ കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതായോ , നേരിട്ട് പച്ചക്കറി കൃഷി ചെയ്തതായോ തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിട്ടില്ല.

2. നിർവ്വഹണോദ്യോഗസ്ഥന്റെ പദ്ധതി പൂർത്തീകരണ സർട്ടിഫിക്കറ്റ്,മോണിറ്ററിങ് റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിട്ടില്ല.

ഇത് സംബന്ധിച്ച് 12/ 15-07-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹ 4 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-21 ഫലവൃക്ഷ തൈ വിതരണം ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

ഫലവൃക്ഷ തൈ വിതരണം എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും താഴെ പറയുന്ന 2 പ്രോജക്ടുകൾ പ്രകാരം VFPCK കൃഷി വിജ്ഞാൻ കേന്ദ്ര അമ്പലവയൽ എന്ന സ്ഥാപനത്തിൽ നിന്നും ഫലവൃക്ഷ തൈ വാങ്ങിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| പ്രോജക്ട് നം/ പേര് | 355/21 ഫലവൃക്ഷ തൈ വിതരണം | 356/21 ഫലവൃക്ഷ തൈ വിതരണം |
| അടങ്കൽ | ₹1,00,000.00 (വികസനം ജനറൽ) | ₹1,00,000.00 (വികസന ഫണ്ട് ടി. എസ്. പി) |
| ചെലവ് | ₹1,00,000.00 (വികസനം ജനറൽ)<br>BRN 20180452016401042374 05-02-21 ( Rs. 62,935) RARS അമ്പലവയൽ<br>20180452016401384665 26-03-21 ( Rs. 37,065)കൃഷി വിജ്ഞാൻ കേന്ദ്ര അമ്പലവയൽ | ₹1,00,000.00 (വികസനം ജനറൽ)<br>BRN 20180452016401042378 05-02-21 ( Rs. 22,960) VFPCK കൃഷി വിജ്ഞാൻ കേന്ദ്ര അമ്പലവയൽ അമ്പലവയൽ<br>20180452016401308428 20-03-21 ( Rs. 77,040) VFPCKകൃഷി വിജ്ഞാൻ കേന്ദ്ര അമ്പലവയൽ |
| ഇൻവോയ്സ് നം / തീയതി | 1) 49/2020 // 2-02-2020<br>2) 126/2020 // 18-03-2021 | 1)WND 20-21/030 // 03-08-2020<br>2)127/2020 // 18-03-2021 |

പദ്ധതി നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മേലെ പറയുന്ന 2 പ്രോജക്ടുകൾ പ്രകാരം VFPCKകൃഷി വിജ്ഞാൻ കേന്ദ്ര അമ്പലവയൽ എന്ന സ്ഥാപനത്തിൽ നിന്നും റംബൂട്ടാൻ, അവോക്കാഡോ, അനാർ, നെല്ലി, ആത്ത, നാരകം എന്നീ ഫലവൃക്ഷ തൈകൾ (300 തൈകൾ) വാങ്ങിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിച്ച ഫലവൃക്ഷ തൈകൾ വിതരണം ചെയ്തിട്ടുള്ളതായി തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിട്ടില്ല. .

2. നിർവ്വഹണോദ്യോഗസ്ഥന്റെ പദ്ധതി പൂർത്തീകരണ സർട്ടിഫിക്കറ്റ്,മോണിറ്ററിങ് റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിട്ടില്ല.

ഇത് സംബന്ധിച്ച് 19/ 15-07-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹ 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

## 1-22 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠന ധനസഹായം അർഹമായനിരക്കിൽനൽകിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി, തിരുനെല്ലി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നം/ പേര് | 198/21 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠന ധനസഹായം. |
| അടങ്കൽ | ₹1,00,000.00 (വികസനം ജനറൽ) |
| ചെലവ് | ₹1,00,000.00 (വികസനം ജനറൽ)<br>BRN 2018045201001091521 6-05-21 |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠന ധനസഹായം പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹരായ 5 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠന ധനസഹായം അനുവദിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 1,00,000രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഹരിശാന്ത് ടി എസ് എന്ന ഒന്നാം വർഷ ബിരുദ (BA) വിദ്യാർത്ഥിക്ക് 10,000 രൂപയാണ് ധനസഹായം അനുവദിച്ചത് . പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് അർഹമായ തുക 20,000 രൂപയാണ്. മാർഗ്ഗരേഖ നിഷ്കർഷിക്കുന്ന നിരക്കിൽ ധനസഹായം അനുവദിക്കാതിരുന്നതിന്റെ കാരണം സംബന്ധിച്ച് 17/ 15-07-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠന ധനസഹായം അർഹമായനിരക്കിൽ നൽകുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 1-23 ഭിന്ന ശേഷിക്കാർക്ക് എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് - അപാകങ്ങൾ. 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തിരുനെല്ലി , തിരുനെല്ലി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നം / പേര് | 311/21 ഭിന്ന ശേഷിക്കാർക്ക് എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ്.( സ്പിൽ ഓവർ ) |
| അടങ്കൽ | ₹2,00,000.00 (തനത് ഫണ്ട്) |
| ചെലവ് | ₹2,00,000.00 (തനത് ഫണ്ട്) |
| ചെക്ക് നമ്പർ | 215051/31-03-21 |
| ലോൺ നമ്പർ | SHG No.618 // 19-03-2020 ( തിരുനെല്ലി സർവീസ് സഹകരണ ബാങ്ക്) |

ഭിന്ന ശേഷിക്കാർക്ക് എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 2 ,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ അപ്പപ്പാറ ആസ്ഥാനമായി രജിസ്റ്റർ ചെയ്ത ( WYD.CA . 254 / 2019 ) പ്രകാശം ഭിന്ന ശേഷി സ്വാശ്രയ സംഘം എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് പനവല്ലി ക്ക് 2 ലക്ഷം രൂപ ധനസഹായം കൊടുക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത് . ഈ പദ്ധതി മുഖാന്തിരം മേൽ പറഞ്ഞ ചെക്ക് പ്രകാരം

തനതു ഫണ്ടിൽ നിന്നും രണ്ടു ലക്ഷം രൂപ എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് സംരംഭം ആരംഭിക്കുന്നതിനായി പ്രസ്തുത സംഘത്തിന്റെ ബാങ്കിന്റെ അക്കൗണ്ട് നമ്പറിലേക്ക് ( ICICI Bank, IFSC Code : ICIC0000104 / A/C No: SHG001004008890) കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.) സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2.) ലഭ്യമാക്കിയ രേഖകൾ പ്രകാരം സംഘത്തിന് തിരുനെല്ലി സർവീസ് സഹകരണ ബാങ്ക് വായ്പ അനുവദിച്ചത് 19-03-2020ന് ആണ് ( ലോൺ നമ്പർ/ തുക : SHG No. 618 // 19-03-2020 (ഇതിൽ രണ്ടു ലക്ഷം രൂപയാണ് തനത് ഫണ്ടിൽ നിന്നും പഞ്ചായത്തു അനുവദിച്ച സബ്സിഡി ) ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 19/03 / 2020 തീയതിയിൽ 3,96,820 രൂപ സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. എന്നാൽ 19/ 03/ 2020 മുതൽ 27/ 03/ 2021 വരെ ടി ലോൺ അക്കൗണ്ടിൽ നിന്നും പിൻവലിച്ച ആകെ തുക 1,30,000 രൂപ മാത്രം ആണെന്ന് കാണുന്നു. സംഘത്തിന്റെ വിശദമായ പ്രൊജക്റ്റ് പ്രൊപോസൽ പ്രകാരം സംരംഭത്തിന്റെ മൂലധന ആസ്തി തന്നെ 4,30,000 രൂപയോളം വരും എന്നിരിക്കെ സബ്സിഡി തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും ചെലവ് ചെയ്യാത്തത് സംരംഭം മുന്നോട്ട് വച്ച ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംരംഭത്തിന് കഴിഞ്ഞിട്ടില്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

3. പ്രകാശം ഭിന്ന ശേഷി സ്വാശ്രയ സംഘം എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് പനവല്ലി എന്ന സംഘത്തിന്റെ വിശദമായ പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല.

4. പ്രകാശം ഭിന്ന ശേഷി സ്വാശ്രയ സംഘം എൽ ഇ ഡി ബൾബ് നിർമ്മാണ യൂണിറ്റ് പനവല്ലി എന്ന സംഘത്തിൽ അംഗങ്ങൾ ആയിട്ടുള്ള 7 ഗ്രൂപ്പ് സംരംഭകർക്ക് പദ്ധതിയുടെ ഫലമായി കൈവരിക്കുവാൻ സാധിച്ച സാമ്പത്തിക നേട്ടം എന്താണെന്നുള്ള വിവരവും ലഭ്യമല്ല.

5. പദ്ധതിയുടെ വിശദമായ മോണിറ്ററിങ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല ഇത് സംബന്ധിച്ച് 21/ 15-07-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹ 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

## 1-24 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമപദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതുണ്ട്. സ.ഉ (കൈ)നം 161/16 /ത.സ്വ.ഭ.വ തി.9.11.2016 പ്രകാരം ജലസുരക്ഷ-സമ്പൂർണ കിണർ റീചാർജ് സംബന്ധിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ കിണർ റീചാർജ് പ്രവൃത്തികൾ ഏറെ പ്രസക്തമാണ്. മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ ചെലവ് രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് വർഷം വേനൽ രൂക്ഷമായ സമയത്ത് കുടിവെള്ളം വിതരണം ചെയ്യാൻ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-25 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകം - ജി.എസ്.റ്റി TDS - 2% നിരക്കിൽ ഈടാക്കി ഒടുക്കിയില്ല

തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 17 വാർഡുകളിലായി 26 മാരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി സാധന ഘടകങ്ങൾ വിതരണം നടത്തുന്നതിനായി 64,04,487 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡുകളിലേക്കും ആവശ്യമായ സാധന ഘടങ്ങൾ വിതരണം നടത്തുന്നതിന് വേണ്ടി ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടർ അംഗീകരിച്ച് സാധനങ്ങൾ മൊത്തമായി വാങ്ങി വിതരണം നടത്തുകയും ,തുക നൽകുകയും ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത സാധനങ്ങളുടെ ജി.എസ്.ടി ഇനത്തിൽ ആകെ 7,65,285 രൂപ അടക്കേണ്ടതായുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ജി.എസ്.റ്റി തുകയുടെ 2% കരാറുകാരിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഈടാക്കി അടക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ഈ തരത്തിലുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 16/ 15-07-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹ 7,65,285 രൂപ ഈടാക്കിയടച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-26 എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല,36,97,286 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് അടങ്കൽ | കരാറുകാരൻ, നിരക്ക് | ടെണ്ടർ തിയതി | നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തിയതി | കരാർ ,ഒപ്പിട്ട തിയതി | ഈടാ-ക്കേണ്ടിയിരുന്ന പിഴ | ബിൽ നമ്പർ ,തിയതി തുക |
|---|---|---|---|---|---|---|---|
| 1 | 287/21 (93/20) മുണ്ടൻകുറ്റി ഉണ്ടിചേക്കോട്ട് കോളനി കോൺക്രീറ്റ് 4,60,000 | തവിഞ്ഞാൽ ഇഷ്ടിക മണൽ തൊഴിലാളി സഹകരണ സംഘം 4,10,645.87 | 30-10-2019 | 27-11-2019 | AE/LSGD /TNLY/29 /19-20 /6-12-2019 | 4,106 | 7/20-21 / 20-4-2020 4,59,924 |
| 2 | 339/21 (103/20) എടയൂർ-കോക്കണ്ടം റോഡിന് കൾവർട്ട് പുനർ നിർമ്മാണം 6,00,000 | അഷ്കർ അലി 5,35,564 | 18-12-2019 | 13-1-2020 | AE/LSGD /TNLY/76 /19-20 /28-1-2020 | 5,356 | 39/20-21 / 28-5-2020 5,99,918 |
| 3 | 238/21 (151/20) പുഴവയ-ൽകട്ടക്കളം റോഡ് മെയിന്റനൻസ് | N Vബാബു 6,58,170 | 28-11-2019 | 3-1-2020 | AE/LSGD /TNLY/79 /19-20 /25-2-2020 | 6,582 | 50/20-21 / 19-8-2020 7,37,150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 7,96,378 | | | | | | |
| 4 | 218/21 (7/20) ചെറുമാത്തൂർ കൊണ്ടിമൂല റോഡ് ടാറിംഗ് 17,00,000 | TV സെബാസ്റ്റ്യൻ 15,02,680 | 18-12-19 | 13-1-2020 | AE/LSGD /TNLY/70 /19-20 /14-1-2020 | 15,027 | 126/20-21 / 25-2-2021 5,48,275 |
| 5 | 220/21 (60/20) പനവല്ലി എമ്മാടി റോഡിന് കൾവർട്ട് പുനർ നിർമ്മാണം 5,00,000 | ലിബിൻ ജോൺ 4,45,695 | 12-11-2019 | 16-12-2019 | AE/LSGD /TNLY/80 /19-20 /27-2-2020 | 4,457 | 134/20-21 / 14-3-2021 4,99,902 |
| 6 | 237/21 (149/20) അരണപ്പാറ സ്കൂൾ മെയിന്റനൻസ് 5,00,000 | NVബാബു 4,45,920 | 26-11-2019 | 3-1-2020 | AE/LSGD /TNLY/63 /19-20 /14-1-2020 | 4,459 | 141/20-21 / 23-3-2021 4,48,647 |
| 7 | 225/21 (89/20) ആനപ്പാറ ഹെൽത്ത് സെന്റർ കൊല്ലി ആട്ടുമാറി കോളനി റോഡ് കോൺക്രീറ്റ് 4,60,000 | ലിബിൻ ജോൺ 4,18,248 | 12-11-2019 | 16-12-2019 | AE/LSGD /TNLY/81 /19-20 /27-2-2020 | 4,182 | 3 / 29-3-21 4,03,470 |
| | ആകെ | | | | | 44,169 | 36,97,286 |

നിശ്ചിത സമയത്തിനുള്ളിൽ കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിനും, ക്രമനമ്പർ 4 ചെറുമാത്തൂർ കൊണ്ടിമൂല റോഡ് ടാറിംഗ് എന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഹാജരാക്കിയിരിക്കുന്ന മുദ്രപേപ്പർ വാങ്ങിയ തിയതി 20-1-2020 എന്നാണ് മുദ്രപേപ്പറിൽ രേഖപ്പെടുത്തിയിരിക്കുന്നത്,എന്നാൽ എഗ്രിമെന്റ് രജിസ്റ്ററിലും, മുദ്രപേപ്പറിലും എഗ്രിമെൻറ് തിയതി 14-1-2020 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്, .ഇക്കാര്യത്തിലും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 11/20-21/14-7-2022 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ,ബില്ലുകൾ തയാറാക്കുന്ന സമയത്തെ തിരക്കുമൂലം പിഴയീടാക്കാൻ വിട്ടുപോയതാണെന്നും,ഇനി ഈടാക്കുമെന്നുമാണ്. പിഴയീടാക്കി വിവരം ലഭ്യമാക്കുന്നതുവരെ പദ്ധതികൾക്കായി ചെലവഴിച്ച 36,97,286 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 ഒറ്റ പ്രവൃത്തിയായി ചെയ്യേണ്ട പ്രവൃത്തി 5പ്രവൃത്തികളായി നടപ്പിലാക്കി

തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ അനുബന്ധവികസനവുമായി ബന്ധപ്പെട്ട് 2020-21 ൽ 6 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് .ഇതിൽ ഒരെണ്ണം സ്പിൽഓവർ പ്രോജക്ടും ,5 എണ്ണം തൻവർഷ പ്രോജക്ടും. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമനമ്പർ | പ്രോജക്ട് നമ്പർ,പേര് | അടങ്കൽ | ടെണ്ടർ തിയതി |
|---|---|---|---|
| 1 | 215/21 (249/20) LPG ഗ്യാസ് ക്രിമിറ്റോറിയം | 17,06,000 | 10-3-20 |
| 2 | 61/21 ഗ്യാസ് ക്രിമിറ്റോറിയംഅടിസ്ഥാനവികസനം | 5,00,000 | 7-9-20 |
| 3 | 64/21 ഗ്യാസ് ക്രിമിറ്റോറിയം പൂരത്തീകരണം | 5,00,000 | 7-9-20 |
| 4 | 155/21ഗ്യാസ് ക്രിമിറ്റോറിയം കെട്ടിടത്തിന് മഴവെള്ള സംഭരണി | 1,00,000 | 27-10-20 |
| 5 | 379/21 ഗ്യാസ് ക്രിമിറ്റോറിയം റോഡ് കോൺക്രീറ്റ് | 5,00,000 | 27-10-20 |
| 6 | 381/21ഗ്യാസ് ക്രിമിറ്റോറിയം മേൽക്കൂര ഓട് മേയൽ | 5,00,000 | 27-10-20 |
| | | | |

മേൽ പറഞ്ഞിരിക്കുന്നവയിൽ അവസാനത്തെ അഞ്ചു പദ്ധതികളും 20-21 ൽ ടെണ്ടർ ചെയ്തവയാണ്. എല്ലാ പദ്ധതികളും എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്തിരിക്കുന്നത് ബിനു കെ മാതൃു എന്ന കരാറുകാരനാണ്. ഗ്യാസ് ക്രിമിറ്റോറിയവുമായി ബന്ധപ്പെട്ട ഈ പദ്ധതികളെല്ലാംകൂടി ഒരുമിച്ച് ഒറ്റ പദ്ധതിയായി ഈ ടെണ്ടർ ചെയ്തു നടപ്പിലാക്കാതെ വേറെ വേറെ പദ്ധതികളായി ടെണ്ടർ ചെയ്താണ് നടപ്പിലാക്കിയിരിക്കുന്നത്. ഒറ്റ പദ്ധതിയായി ഈ ടെണ്ടർ ചെയ്തു നടപ്പിലാക്കിയിരുന്നെങ്കിൽ ആകെ പദ്ധതി ചെലവിൽ കുറവുണ്ടാകാൻ സാധ്യതയുണ്ടായിരുന്നു. മുൻവർഷം ഗ്യാസ് ക്രിമിറ്റോറിയവുമായി ബന്ധപ്പെട്ട പദ്ധതി ഏറ്റെടുത്ത കരാറുകാരനു തന്നെ അനുബന്ധപദ്ധതികളും ലഭിക്കുന്നതിനുവേണ്ടിയാണോ ഒറ്റ പദ്ധതിയായി ഈ ടെണ്ടർ ചെയ്തു നടപ്പിലാക്കാതെ വേറെ വേറെ പദ്ധതികളായി ടെണ്ടർ ചെയ്താണ് നടപ്പിലാക്കിയിരിക്കുന്നത് എന്നു കരുതേണ്ടിയിരിക്കുന്നു.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-28 മരാമത്ത് പ്രവൃത്തി - ചരക്ക് സേവന നികുതി ബില്ലിൽ നിന്നും കുറവ് വരുത്തിയില്ല

അസിസ്റ്റൻറ് എൻജിനിയർ, നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ അവസാന ബിൽ തയാറാക്കിയപ്പോൾ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തി ,കരാറുകാരന് തുക നൽകിയപ്പോൾ

ബില്ലിൽ നിന്നും 2 ശതമാനം ചരക്ക് സേവന നികുതി കുറവ് വരുത്തി ഈ തുക ബന്ധപ്പെട്ട കരാറുകാരുടെ പേരിൽ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കേണ്ടതിനുപകരം ഈ തുക കൂടി കരാറുകാരന് നൽകിയതായി കാണുന്നു.

| | പ്രൊജക്ട് നം/അടങ്കൽ | കരാറുകാരൻ | എം ബുക്ക് നമ്പർ/ പ്രവൃത്തി മൂല്യം | കരാറുകാരന് നൽകിയ 12 % GST തുക | ബിൽ നമ്പർ/ തിയതി/ തുക , | ബില്ലിൽ നിന്നും കുറവു വരുത്തേണ്ടിയിരുന്ന 2 % GST തുക |
|---|---|---|---|---|---|---|
| 1 | 155/21 ഗ്യാസ് ക്രിമിറ്റോ-റിയത്തിന് മഴ വെള്ള സംഭരണി നിർമ്മാണം 1,00,000 | ബിനു കെ മാത്യു- എസ്റ്റിമേറ്റ് നിരക്ക് | 7/20-21 89,062 | 10,687 | 88/20-21/ 7-12-2020 99,749 | 1,782 |
| 2 | 331/21 (278/20) തുറമ്പൂർ കോളനി റോഡ് പൈപ്പ് കൾവർട്ട് 1,50,000 | മുജീബ് എച്ച് – എസ്റ്റിമേറ്റ് നിരക്ക് | 83/20-21 1,28,393 | 15,407 | 137/20-21/ 17-3-2021 1,43,800 | 2,568 |
| 3 | 173/21 അരണപ്പാറ സ്കൂൾ ചുറ്റുമതിൽ നിർമ്മാണം 2,00,000 | എൻ വി ബാബു . എസ്റ്റിമേറ്റ് നിരക്ക് | 97/20-21 .1,77,849 | 21,342 | 142/20-21/ 23-3-21 1,99,191 | 3,557 |
| 4 | 176/21 പാൽവെളിച്ചം അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം 2,00,000 | കെ.വി തോമസ് 2% കുറവ് | 108/20-21 1,72,700 | 20,724 | 146/20-21 / 27-3-21 1,93,424 | 3,454 |
| 5 | 373/21 പനവല്ലി വനിതാ സമുച്ചയം ടോയിലറ്റ് 2,00,000 | അഷ്കർ അലി 10.4% കുറവ് | 101/20-21 80,426 | 9,652 | 9/30-3-2021 1,17,261 | 1,608 |
| | ആകെ | | | 77,812 | | 12,969 |

2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയിൽ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തി ,കരാറുകാരന് നൽകിയപ്പോൾ, 12 ശതമാനം ചരക്ക് സേവന നികുതി കരാറുകാരൻ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-21/14-7-2022 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും ചരക്ക് സേവന നികുതി ഈടാക്കി രസീത് ഫയലിൽ സൂക്ഷിയ്ക്കുമെന്നമാണ്. 12,969 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. 12 ശതമാനം ചരക്ക് സേവന നികുതി കൈപ്പറ്റിയ കരാറുകാർ ,തുക ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതും,തുക ഒടുക്കിയിട്ടില്ലായെങ്കിൽ കരാറുകാർക്ക് നൽകിയ 12 ചരക്ക് സേവന നികുതി തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 8,64,000 | 21/21 സമഗ്ര നെൽകൃഷി വികസനം- നെൽ കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി | 8,64,000 | 0 |
| വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 12,50,000 | 21/21 സമഗ്ര നെൽകൃഷി വികസനം- നെൽ കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി | 12,50,000 | 0 |
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 39,32,939 | 3/21 ലൈഫ് ഭവന പദ്ധതി – പട്ടിക വർഗ്ഗം | 39,32,939 | 0 |
| വയനാട് ജില്ലാ | 2020-21 | 89,45,941 | 3/21 ലൈഫ് | 89,45,941 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ഭവന പദ്ധതി -പട്ടിക വർഗ്ഗം | | |
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 78,400 | 20/21 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത | 78,400 | 0 |
| വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 5,01,800 | 20/21 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത | 5,01,800 | 0 |
| വയനാട് ജില്ലാ പഞ്ചായത്ത് | 2020-21 | 8,53,540 | 215/21 എൽ.പി.ജി ഗ്യാസ് ക്രിമിറ്റേറിയം | 8,53,540 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ റഫറൻസ് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ-ഴിക്കാൻ ബാക്കി-യുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്-മെന്റ് | 10/21അരണപ്പാറ എട്ട് ഏക്കർ കുഴൽകിണർ | 2018045201720135636/ 22.02.2021 | 78,850 | 78,850 | 0 |
| | 17/21ആത്താറ്റ് കുന്ന് പ്രദേശത്ത് കുഴൽകിണർ | 2018045201720135634/ 22.02.2021 | 93,850 | 93,850 | 0 |
| | 77/21 കണ്ടിലങ്ങാടി പ്രദേശത്ത് കുഴൽകിണർ | 2018045201720135632/ 22.02.2021 | 78,850 | 78,850 | 0 |
| | 171/21 ചേകാടി സ്കൂൾ കുഴൽ കിണറും മോട്ടോറും പമ്പ് സെറ്റും | 2018045201720135627/ 22.02.2021 | 64,550 | 64,550 | 0 |
| കേരള വാട്ടർ അതോറിറ്റി | 11/21 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2018045201720073200/ 12.11.2020 | 17,00,000 | 17,00,000 | 0 |
| | 301/21 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 20180452017200027329/ 11.04.2020 | 3,70,000 | 3,70,000 | 0 |
| | | 2018045201720155608/ 11.04.2020 | 5,00,000 | 5,00,000 | |
| | | ആകെ | 8,70,000 | 8,70,000 | |
| | 377/21ജലജീവൻ മിഷൻ വിഹിതം നൽകൽ | 20180452017200673144/ 29.10.2020 | 5,40,000 | 5,40,000 | 0 |
| | 380/21ജലജീവൻ മിഷന് ഡി.ഇ.ആർ തയ്യാറാക്കുന്നതിനുള്ള സർവ്വേപ്രവൃത്തികൾക്കായി വിഹിതം നൽകൽ | 20180452017200673146/ 29.10.2020 | 2,00,000 | 2,00,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4-1 വായ്പാതിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ

സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷത്തിൽ വായ്പാതിരിച്ചടവില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ചെലവ് പത്രിക പ്രകാരം താഴെപ്പറയും വിധം വായ്പ തിരിച്ചടവിന് പ്രോജക്ടുകൾ രൂപീകരിച്ച് തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം | വായ്പയുടെ ഉദ്ദേശ്യം | ഫണ്ട് വിവരം | തുക |
|---|---|---|---|---|
| 1 | 7/20-21 | കെ.യു.ആർ.ഡി.എഫ്.സി വായ്പ തിരിച്ചടവ് | വികസന ഫണ്ട്(ജനറൽ) | 9,00,000/- |
| 2 | 385/20-21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | വികസന ഫണ്ട്(എസ്.സി.പി) | 51,236 |
| 3 | 396/20-21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | വികസന ഫണ്ട്(ടി.എസ്.പി) | 8,55,941 |
| 4 | 394/20-21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | വികസന ഫണ്ട്(ജനറൽ) | 16,96,628 |
| 5 | 395/20-21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | വികസന ഫണ്ട്(എസ്.സി.പി) | 51,235 |
| 6 | 386/20-21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | വികസന ഫണ്ട്(ടി.എസ്.പി) | 8,55,941 |
| 7 | 6/20-21 | ബാങ്ക് വായ്പ തിരിച്ചടവ് | വികസന ഫണ്ട്(ജനറൽ) | 30,47,094 |

വായ്പ തിരിച്ചടവ് സംബന്ധിച്ച് തെറ്റായ വിവരങ്ങൾ നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 4-4-2 വായ്പ, വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

മുതൽ/പലിശ ഇനത്തിൽ തുക അടവാക്കുന്നത് സംബന്ധിച്ച് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ നാളിതുവരെയുള്ള വായ്പാ തിരിച്ചടവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഒടുക്കാൻ ബാക്കിയുള്ള മുതലും പലിശയും സംബന്ധിച്ച വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് ശരിയായ നടപടിയല്ല. ആയതിനാൽ വായ്പാമുതലും പലിശയും സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ എഴുതേണ്ടതും ,ആയത് യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി അനാവശ്യ പിഴപലിശ ഒഴിവാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 4-4 വായ്പ

| ക്രമ നം. | 2020-21 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| 1 | ഇല്ല | | | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.89.1 | 2006-2007 | | ജീവനക്കാർ തൊഴിൽ നികുതി കടിശ്ശിക പിരിച്ചെടുക്കാത്തത് | ലോക്കൽ അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| 2015-16, 2016-2017 | | 2017-18 | അനുബന്ധം -5 ക്രമ നം. 5 | ബാവലി ടൗ ൺ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃതകരാർ ചമയ്ക്കാത്തത് | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ട് |
| 2015-16- | 2-5 | 2016-17 | 2.5 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക '

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 20,40,96,803 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 20,85,33,151 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 75,57,349/- |

1

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |
| ഇല്ല | | | |
| | | | |
| | | | |
| ആകെ | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-12 | 30,47,094 | അനിൽകുമാർ എൻ ,സെക്രട്ടറി |
| 1-20 | 4,00,000/- | ആൻസ അഗസ്റ്റിൻ, കൃഷി ഓഫീസർ |
| 1-21 | 2,00,000/- | ആൻസ അഗസ്റ്റിൻ, കൃഷി ഓഫീസർ |
| 1-23 | 2,00,000/- | ശ്രീ രജീഷ് വി എസ്, VEO |
| 1-26 | 36,97,286 | ശ്രീ. കുഞ്ഞമ്മദ് കെ.പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 12,969 | ശ്രീ. കുഞ്ഞമ്മദ് കെ.പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 75,57,349 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കുഞ്ഞമ്മദ് കെ.പി , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുനെല്ലി ഗ്രാമ പഞ്ചായത്ത് | കല്ലമ്പുറത്ത് (ഹൗസ്), എടവക പി.ഒ, വയനാട് |
| ആൻസ അഗസ്റ്റിൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കാട്ടിക്കുളം | മാതാസദനം പുത്തൻകട തിരുപുറം പി.ഒ തിരുവന്തപുരം |
| ശ്രീ രജീഷ് വി എസ്, VEO | തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | വലിയ വീട്ടിൽ, പാണ്ടിക്കടവ്, മാനന്തവാടി |
| അനിൽകുമാർ എൻ,സെക്രട്ടറി | സെക്രട്ടറി,തിരുനെല്ലി ഗ്രാമ പഞ്ചായത്ത് | പെരുകോട്ട് ഹൗസ്, പെരുവക, ആറാട്ട് തറ, മാനന്തവാടി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ-ഷിക്കുന്ന പരാമർശ-ങ്ങളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.(ഡബ്ള്യൂ).പി.5/622(2)/14 18.04.15 | 2 |
| 1998-99 | എൽ.എഫ്.(ഡബ്ള്യൂ)പി3/592/03 -27.06.2019 | 5 |
| 2001-02 | എൽ.എഫ്.(ഡബ്ള്യൂ)പി 3/184/07 13.6.2005 | 2 |
| 2002-03 | എൽ.എഫ്.(ഡബ്ള്യൂ) പി 3/163/2007 തീയ്യതി 27/06/2019 | 3 |
| 2003-04 | എൽ.എഫ്.(ഡബ്ള്യൂ) പി 3/496/2008 തീയ്യതി 27/06/2019 | 2 |
| 2005-06 | എൽ.എഫ്.(ഡബ്ള്യൂ)പി3/486/2009 തീയ്യതി 27/06/2019 | 1 |
| 2006-07 | എൽ.എഫ്.(ഡബ്ള്യൂ)പി 3 *490/*2009 തീയ്യതി 27/06/2019 | 5 |
| 2007-08 | എൽ.എഫ്.(ഡബ്ള്യൂ)പി 3/ 980/10 തീയ്യതി 16.08.2019 | 10 |
| 2008-09 | എൽ.എഫ്.(ഡബ്ള്യൂ)പി 3/ 713/11 തീയ്യതി 16.08.2019 | 6 |
| 2009-10 | എൽ.എഫ്.(ഡബ്ള്യൂ)പി 3/ 714/2011 തീയ്യതി 16.08.2019 | 9 |
| 2010-11 | എൽ.എഫ്.(ഡബ്ള്യൂ)പി 5 /622(15)/14 തീയ്യതി 18.04.15 | 13 |
| 2011-12 | എൽ.എഫ്.(ഡബ്ള്യൂ)പി 5/622(16)/14 തീയ്യതി 18.04.15 | 28 |
| 2012-13 | എൽ.എഫ്.(ഡബ്ള്യൂ)പി 4/ 412/15 തീയ്യതി 30.09.2015 | 13 |
| 2013-14 | കെഎസ്എഡബ്ല്യൂ.വൈ.ഡി.-പി4/478/15 തീയ്യതി 08.09.2016 | 15 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4/372/2016 തീയ്യതി 25.05.2017 | 25 |
| 2015-16 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/848/16 തീയ്യതി 31.05.2017 | 24 |
| 2016-17 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/367/17 തീയ്യതി 5/3/2018 | 21 |
| 2017-18 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-40/2019 തീയ്യതി 19/06/2020 | 14 |
| 2018-19 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-118/2020 തിയ്യതി 08/06/2020 | 10 |
| 2019-2020 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-436/2021 തിയ്യതി 07/02/2022 | 20 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്